# ആരോഗ്യ കേരളം

APRIL 2023

follow us on /arogyakeralam https://arogyakeralam.gov.in


### എല്ലാ ആരോഗ്യ സ്ഥാപനങ്ങളിലും ഇ ഹെൽത്ത് സംവിധാനമൊരുക്കും

## ആരോഗ്യ പ്രവർത്തകർക്ക് നേരെയുള്ള ആക്രമണം തടയാൻ ശക്തമായ നിയമ നിർമ്മാണം: മന്ത്രി വീണാ ജോർജ്

**സംസ്ഥാന കായകൽപ്പ് അവാർഡ് വിതരണം ചെയ്തു**




*കായകൽപ് പുരസ്കാര വിതരണ ചടങ്ങ് ആരോഗ്യവും വനിതാ ശിശുവികസനവും വകുപ്പ് മന്ത്രി വീണാ ജോർജ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്നു. മന്ത്രിമാരായ വി. ശിവൻകുട്ടി, ജി. ആർ. അനിൽ, ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥർ എന്നിവർ സമീപം.*

**തിരുവനന്തപുരം**: ആരോഗ്യ പ്രവർത്തകർക്ക് നേരെയുള്ള ആക്രമണം തടയാൻ സംസ്ഥാന സർക്കാർ ശക്തമായ നിയമ നിർമ്മാണം നടത്തുമെന്ന് ആരോഗ്യവും വനിതാശിശു വികസനവും വകുപ്പ് മന്ത്രി വീണാ ജോർജ്. എല്ലാ വശങ്ങളും പരിശോധിച്ച് എത്രയും വേഗം നടപ്പിലാക്കുന്നതാണ്. ആരോഗ്യ പ്രവർത്തകർക്ക് നേരെയുള്ള ആക്രമണങ്ങൾ നിർഭാഗ്യകരമാണ്. അതവരുടെ മനോവീര്യം തകർക്കും. ആരോഗ്യ പ്രവർത്തകർക്ക്നേരെയുള്ള ആക്രമണങ്ങൾ ഒറ്റക്കെട്ടായി ചെറുക്കണമെന്നും മന്ത്രി അഭ്യർത്ഥിച്ചു. 2021- 22 വർഷത്തിലെ സംസ്ഥാന കായകൽപ്പ് പുരസ്കാരം പരിപാടിയുടെ ഉദ്ഘാടനവും അവാർഡ് വിതരണവും നിശാഗന്ധി ഓഡിറ്റോറിയത്തിൽ നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.

സംസ്ഥാനത്തെ എല്ലാ ആരോഗ്യ സ്ഥാപനങ്ങളിലും ഇ ഹെൽത്ത് സംവിധാനമൊരുക്കാനാണ് ലക്ഷ്യമിടുന്നത്. 540 ഓളം സ്ഥാപനങ്ങളിൽ ഇ ഹെൽത്ത് നടപ്പിലാക്കിയിട്ടുണ്ട്. ഇതിലൂടെ പേപ്പർ രഹിത ആശുപത്രി സേവനം സാധ്യമാക്കാനും ഓൺലൈൻ വഴി ഒപി ടിക്കറ്റെടുക്കാനും ആശുപത്രി അപ്പോയിന്റ്മെന്റെടുക്കാനും സാധിക്കുന്നു. ഓക്സിജൻ സ്വയംപര്യാപ്തതയിൽ കേരളത്തെ ലോകാരോഗ്യ സംഘടന അഭിനന്ദിച്ചിട്ടുണ്ട്. സർക്കാർ മേഖലയിൽ കരൾമാറ്റിവയ്ക്കൽ ശസ്ത്രക്രിയ യാഥാർത്ഥ്യമാക്കി. ഇന്ത്യയിൽ ആദ്യമായി ജനറൽ ആശുപത്രിയിൽ ഹൃദയ ശസ്ത്രക്രിയ നടത്തി. ജീവിതശൈലീ രോഗങ്ങൾക്കായി ശൈലി ആപ്പ് വഴി വലിയ പ്രവർത്തനങ്ങൾ നടത്തി വരുന്നു. കാൻസർ ചികിത്സയുമായി ബന്ധപ്പെട്ട് ജില്ലാതല കാൻസർ പരിപാടി സംഘടിപ്പിച്ചു വരുന്നു. നേരത്തെ കാൻസർ കണ്ടെത്തി ചികിത്സിക്കുകയാണ് ലക്ഷ്യം. ആർസിസിയിലും എംസിസിയിലും റോബോട്ടിക് സർജറി യാഥാർത്ഥ്യമാകുന്നു. കാസർഗോഡ് ജില്ലയിൽ ന്യൂറോളജിസ്റ്റിനെ നിയമിച്ചു. ഇടമലക്കുടിയിലും ചട്ടമൂന്നാറിലും ആശുപത്രികൾ യാഥാർത്ഥ്യമാകുന്നു. സബ്സെന്ററുകളെ ജനകീയ ആരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതാണ്.

രാജ്യത്ത് ഏറ്റവും കൂടുതൽ എൻക്യുഎഎസ് നേടിയ സംസ്ഥാനമാണ് കേരളം. ഇതുവരെ 157 സ്ഥാപനങ്ങളാണ് എൻക്യുഎഎസ് നേടിയിട്ടുള്ളത്. കേരളത്തിലെ ആരോഗ്യ സൂചകങ്ങൾ വികസിത രാജ്യങ്ങളോട് താരതമ്യം ചെയ്യാവുന്നതാണ്. ഈ രണ്ട് വർഷക്കാലത്തിനുള്ളിൽ ദേശീയ തലത്തിൽ 11 ഓളം പുരസ്കാരങ്ങൾ ആരോഗ്യ മേഖലയ്ക്ക് ലഭിച്ചിട്ടുണ്ട്. ദേശീയ തലത്തിൽ ഏറ്റവും സൗജന്യ ചികിത്സ നൽകുന്ന സംസ്ഥാനമാണ് കേരളം. ഫീൽഡ് തലം മുതലുള്ള ആരോഗ്യ പ്രവർത്തകരും തദ്ദേശ സ്ഥാപനങ്ങളും ഒത്തൊരുമിച്ച് പ്രവർത്തിച്ചാണ് ഈ നേട്ടങ്ങൾ കൈവരിക്കാനായത്. ഈ അംഗീകാരങ്ങൾ എല്ലാവർക്കുമുള്ളതാണ്.

രോഗം വരുമ്പോൾ പണമില്ലാത്തതിന്റെ പേരിൽ ആർക്കും ചികിത്സ മുടങ്ങാൻ പാടില്ലെന്നും മന്ത്രി വ്യക്തമാക്കി. പുരസ്കാരങ്ങൾ നേടിയ എല്ലാ ആശുപത്രികളേയും മന്ത്രി അഭിനന്ദിച്ചു.

പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി അധ്യക്ഷത വഹിച്ച ചടങ്ങിൽ ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി ജി.ആർ. അനിൽ വിശിഷ്ടാതിഥിയായി. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഡി. സുരേഷ് കുമാർ, ഡൽഹി ക്യു.പി.എസ്., എൻ.എച്ച്.ആർ.സി. അഡ്വൈസർ ജെ.എൻ. ശ്രീവാസ്തവ, ആരോഗ്യവകുപ്പ് അഡീ. ഡയറക്ടർ ഡോ. കെ.വി. നന്ദകുമാർ, ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. ബിന്ദു മോഹൻ, ആരോഗ്യ കേരളം ജില്ലാ പ്രോഗ്രാം മാനേജർ ഡോ. ആശ വിജയൻ, ക്വാളിറ്റി അഷ്വറൻസ് സ്റ്റേറ്റ് നോഡൽ ഓഫീസർ ഡോ. ജി.ജി. ലക്ഷ്മി എന്നിവർ പങ്കെടുത്തു.

ജില്ലാതല ആശുപത്രികളിൽ എഎ റഹിം മെമ്മോറിയൽ ജില്ലാ ആശുപത്രി കൊല്ലം, ജനറൽ ആശുപത്രി എറണാകുളം എന്നിവ ഒന്നാം സ്ഥാനമായ 50 ലക്ഷം രൂപ പങ്കിട്ടു. സബ് ജില്ലാ വിഭാഗത്തിൽ താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി പുനലൂർ, കൊല്ലം, സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ സി.എച്ച്.സി പെരിഞ്ഞനം, തൃശൂർ എന്നിവ ഒന്നാം സ്ഥാനം നേടി. പ്രാഥമികാരോഗ്യ കേന്ദ്രം, അർബൻ പ്രൈമറി ഹെൽത്ത് സെന്റർ എന്നീ വിഭാഗങ്ങളിലും പുരസ്കാരങ്ങൾ നൽകി.







കായകൽപ് പുരസ്കാര വിതരണത്തിന്റെ ഭാഗമായി ഒരുക്കിയ ജനകീയാരോഗ്യ കേന്ദ്രത്തിന്റെ മാതൃക

## ആർദ്രകേരളം പുരസ്കാരം പ്രഖ്യാപിച്ചു

**തിരുവനന്തപുരം**: ആരോഗ്യമേഖലയിൽ മികച്ച പ്രവർത്തനങ്ങൾ നടത്തിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ആർദ്ര കേരളം പുരസ്കാരം 2021- 22 ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് പ്രഖ്യാപിച്ചു. നവകേരള കർമ്മ പദ്ധതിയുടെ ഭാഗമായുള്ള ആർദ്രം മിഷന്റെ പ്രവർത്തനങ്ങളുടെ പശ്ചാത്തലത്തിലാണ് ആരോഗ്യ മേഖലയിൽ മികച്ച പ്രവർത്തനം കാഴ്ച വെക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അംഗീകാരമായി പുരസ്കാരം നൽകി വരുന്നത്. 2021- 22 വർഷം ആരോഗ്യ മേഖലയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ 962.55 കോടി രൂപയുടെ പദ്ധതി പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു.

ഇൻഫോർമേഷൻ കേരള മിഷന്റെ സഹായത്തോട് കൂടിയാണ് പുരസ്കാരം നൽകുന്നതിനായി പരിഗണിക്കാവുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മുൻഗണനാ പട്ടിക തയ്യാറാക്കുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആരോഗ്യ മേഖലയിൽ ചെലവഴിച്ച തുക, സാന്ത്വന പരിചരണ പരിപാടികൾ, കായകൽപ്പ്, മറ്റ് ആരോഗ്യമേഖലയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ എന്നിവ പരിഗണിച്ച്, മുൻഗണനാ പട്ടിക തയ്യാറാക്കുകയും, പുരസ്കാരത്തിനായി തെരഞ്ഞെടുക്കുകയും ചെയ്തുവരുന്നത്. ഇത് കൂടാതെ പ്രതിരോധ കുത്തിവെപ്പ്, വാർഡുതല പ്രവർത്തനങ്ങൾ മറ്റ് പ്രതിരോധ പ്രവർത്തനങ്ങൾ, നടപ്പിലാക്കിയ നൂതനമായ ആശയങ്ങൾ, പൊതുസ്ഥലങ്ങളിലെ മാലിന്യ നിർമ്മാർജനം തുടങ്ങിയവയും പുരസ്കാരത്തിന് വേണ്ടി വിലയിരുത്തുന്ന ഘടകങ്ങളാണ്.




വീണാ ജോർജ്
ആരോഗ്യവും വനിതാ ശിശു വികസനവും വകുപ്പ് മന്ത്രി


# കേരള പൊതുജനാരോഗ്യ ബിൽ പ്രാബല്യത്തിൽ

## രാജ്യത്ത് ആദ്യമായി പൂർണമായും സ്ത്രീലിംഗത്തിൽ എഴുതപ്പെട്ട നിയമം



**കേരളത്തിന്റെ** പൊതുജനാരോഗ്യവുമായി ബന്ധപ്പെട്ട സമഗ്രമായ ഒരു നിയമമാണ് കേരള നിയമസഭ പാസാക്കിയ കേരള പൊതുജനാരോഗ്യ ബിൽ. 2023 ലെ കേരള പൊതുജനാരോഗ്യ നിയമം എന്നാണ് ഈ ബിൽ അറിയപ്പെടുക. പൊതുജനങ്ങൾ, ജനപ്രതിനിധികൾ, ആരോഗ്യ രംഗത്തെ വിദഗ്ധർ, ആരോഗ്യ മേഖലയിലെ വിവിധ സംഘടനകൾ മുതലായവരിൽ നിന്നും അഭിപ്രായങ്ങൾ സ്വരൂപിച്ചാണ് നിയമസഭ സെലക്ട് കമ്മിറ്റി ബിൽ അന്തിമരൂപത്തിലാക്കിയത്. മന്ത്രിയുൾപ്പെടെ 15 അംഗങ്ങളാണ് സെലക്ട് കമ്മിറ്റിയിലുണ്ടായിരുന്നത്. പൊതുജനങ്ങളിൽ നിന്നുള്ള 4 സിറ്റിംഗുകൾ ഉൾപ്പെടെ 10 യോഗങ്ങൾ നടത്തി. 12 അധ്യായങ്ങളും 82 ഖണ്ഡങ്ങളുമുള്ള ബൃഹത്തായ ബില്ലാണിത്.

സംസ്ഥാനത്ത് രണ്ട് നിയമങ്ങളാണ് നിലവിലുണ്ടായിരുന്നത്. 1955ലെ ട്രാവൻകൂർ കൊച്ചിൻ ആക്ടും മദ്രാസ് മേഖലയിലെ 1939 ലെ മദ്രാസ് ഹോസ്പിറ്റൽ ആക്ടും. ഇങ്ങനെയൊരു ഏകീകൃത നിയമം വേണമെന്ന് പതിറ്റാണ്ടുകൾക്ക് മുമ്പേ ആഗ്രഹിച്ചതാണ്. നിലവിലുള്ള നിയമങ്ങളെ ഏകീകരിക്കുന്നതിനും ക്രോഡീകരിക്കുന്നതിനുമായി ഒരു ഓർഡിനൻസ് 2021 ഫെബ്രുവരിയിൽ പുറപ്പെടുവിച്ചു. 2021 ഒക്ടോബർ നാലാം തീയതി ഒരു അസാധാരണ ഗസറ്റായി കേരള പൊതുജനാരോഗ്യ ബിൽ പ്രസിദ്ധീകരിക്കുകയും ആ ബിൽ 2021 ഒക്ടോബർ 27-ാം തീയതി സഭയിൽ അവതരിപ്പിക്കുകയും അന്നു തന്നെ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയക്കുകയും ചെയ്തു. പൊതുജനാരോഗ്യ രംഗത്തെ വെല്ലുവിളികൾ കണക്കിലെടുത്തും ബില്ലിലെ ചില വ്യവസ്ഥകളിൽ കാലികമായ മാറ്റം വേണമെന്ന് കണ്ടതിനാലുമാണ് നിയമസഭയുടെ സെലക്ട് കമ്മിറ്റിക്ക് വിട്ടത്. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, കോട്ടയം എന്നിവിടങ്ങളിലായി സിറ്റിംഗ് നടത്തി ജനങ്ങളിൽ നിന്നും ആരോഗ്യമേഖലയിൽ നിന്നുള്ളവരിൽ നിന്നും അഭിപ്രായങ്ങൾ തേടിയും തുടർന്ന് വിദഗ്ധർ പങ്കെടുത്തുകൊണ്ടുള്ള വർക്ക് ഷോപ്പ് നടത്തിയുമാണ് അഭിപ്രായങ്ങൾ ക്രോഡീകരിച്ചത്.

രാജ്യത്ത് പൂർണമായും സ്ത്രീലിംഗത്തിൽ എഴുതപ്പെട്ട ആദ്യ ബില്ലാണിത്. രാജ്യത്ത് നടപ്പിൽ വരുത്തിയിട്ടുള്ള എല്ലാ നിയമങ്ങളും പുല്ലിംഗത്തിലാണ് വിശേഷിപ്പിച്ചിട്ടുള്ളത്. എന്നാൽ ഈ ബില്ലിൽ അത് സ്ത്രീലിംഗമാണ് പ്രയോഗിച്ചിട്ടുള്ളത്. അതായത് സ്ത്രീലിംഗത്തിൽ പ്രയോഗിച്ചിരിക്കുന്നത് എല്ലാ ലിംഗക്കാരും ഉൾപ്പെടുന്നതാണ്. (ഉദാ: ഉടമസ്ഥ, ഉദ്യോഗസ്ഥ, രോഗമുക്ത...).

കാലാവസ്ഥ വ്യതിയാനത്തിന്റെയും, മനുഷ്യ-മൃഗ സമ്പർക്കത്തിന്റെയും ഭാഗമായി പുതിയ വൈറസുകളും രോഗാണുക്കളെയും പകർച്ച വ്യാധികളെയും മഹാമാരികളെയും പ്രതിരോധിക്കേണ്ടത് ആവശ്യമായി വരുന്നതും ജീവിതശൈലീ രോഗങ്ങളെ തടയേണ്ടതും ഉൾപ്പെടെയുള്ള കാഴ്ചപ്പാട് മുൻനിർത്തിയാണ് ഈ ബിൽ നിയമസഭയിൽ അവതരിപ്പിച്ച് പാസാക്കിയിരിക്കുന്നത്. മനുഷ്യന്റേയും പ്രകൃതിയുടേയും മൃഗങ്ങളുടേയും നിലനിൽപ്പ് അടിസ്ഥാനമാക്കി ഏകാരോഗ്യത്തിന് പ്രാധാന്യം നൽകി. വയോജനങ്ങൾ, ഭിന്നശേഷിക്കാർ, കിടപ്പ് രോഗികൾ, സ്ത്രീകൾ, കുട്ടികൾ, അതിഥിതൊഴിലാളികൾ തുടങ്ങി പ്രത്യേക പരിഗണന ആവശ്യമുള്ളവരെക്കൂടി മുന്നിൽ കണ്ടാണ് ബിൽ തയ്യാറാക്കിയത്.

ഏത് വ്യക്തിയ്ക്കും ഏത് അംഗീകൃത രജിസ്ട്രേഡ് മെഡിക്കൽ പ്രാക്ടീഷണറിൽ നിന്നും അംഗീകൃത ചികിത്സ തേടുന്നതിലും തടസമില്ല. അവർക്ക് അതിനുള്ള സ്വാതന്ത്ര്യമുണ്ട്. ഒരു വ്യക്തിക്ക് ഏത് ചികിൽസാ രീതിയും തെരഞ്ഞെടുക്കുന്നതിന് ഈ ബിൽ തടസം നിൽക്കുന്നില്ല. വിജ്ഞാപനപ്പെടുത്തേണ്ട പകർച്ചവ്യാധികളിൽ നിന്നും ഒരാൾ മുക്തയായതായി ആ വ്യക്തിയെ ചികിൽസിച്ച മെഡിക്കൽ പ്രാക്ടീഷണർക്ക് തന്നെ ലാബ് പരിശോധനകൾ അടക്കം എല്ലാ പരിശോധനകളും നടത്തി രോഗമുക്തി സർട്ടിഫിക്കറ്റ് നിശ്ചിത മാതൃകയിൽ നൽകാവുന്നതാണ്.

പൊതുജനാരോഗ്യവുമായി ബന്ധപ്പെട്ട സമഗ്രമായ കാര്യങ്ങൾ നിയമത്തിലുണ്ട്. ജലം, മാലിന്യം, പകർച്ചവ്യാധികൾ, കൊതുക് നിവാരണം, ജീവിതശൈലീ രോഗങ്ങളുടെ പ്രതിരോധം, ആന്റി മൈക്രോബിയൽ റെസിസ്റ്റൻസ് എന്നിവയും ബില്ലിലുണ്ട്. രോഗപ്രതിരോധശേഷി ഉറപ്പാക്കുന്നതിന് ആയുഷ് മേഖലയിലെ യോഗ മുതലായവയ്ക്കും പ്രാധാന്യം നൽകുന്നു.

> **ഒരു വ്യക്തിക്ക് ഏത് ചികിത്സാ രീതിയും തെരഞ്ഞെടുക്കുന്നതിന് ഈ ബിൽ തടസം നിൽക്കുന്നില്ല.**

പൊതുജനാരോഗ്യ അധികാരി എന്നത് മാറ്റി പബ്ലിക് ഹെൽത്ത് ഓഫീസർ എന്നാക്കി. സംസ്ഥാനതലത്തിലും ജില്ലാതലത്തിലും പ്രാദേശിക തലത്തിലും പൊതുജനാരോഗ്യ സമിതിയും ഇതിന്റെ നിർവ്വഹണ ഉദ്യോഗസ്ഥൻ എന്ന നിലയിൽ പബ്ലിക് ഹെൽത്ത് ഓഫീസർമാർക്ക് ചുമതലകളും അധികാരങ്ങളും നൽകുകയാണ് ചെയ്തിരിക്കുന്നത്. സംസ്ഥാന പൊതുജനാരോഗ്യ സമിതിയുടെ അധ്യക്ഷ ആരോഗ്യമന്ത്രിയും ഉപാധ്യക്ഷ ആരോഗ്യവകുപ്പ് സെക്രട്ടറിയും, ആരോഗ്യവകുപ്പ് ഡയറക്ടർ മെമ്പർ സെക്രട്ടറിയുമാകുന്നു. ആരോഗ്യവകുപ്പ് ഡയക്ടർ സംസ്ഥാന പബ്ലിക് ഹെൽത്ത് ഓഫീസറുടെ ചുമതല വഹിക്കും.

ജില്ലകളിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അധ്യക്ഷയും, ജില്ലാ കളക്ടർ ഉപാധ്യക്ഷയും, ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) മെമ്പർ സെക്രട്ടറിയുമാകുന്നു. പ്രാദേശികതലത്തിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അധ്യക്ഷയും, ഗ്രാമപഞ്ചായത്തിലെ ആരോഗ്യവകുപ്പിലെ മെഡിക്കൽ ഓഫീസർ മെമ്പർ സെക്രട്ടറിയുമായിരിക്കും. മുനിസിപ്പൽ, കോർപ്പറേഷൻ തലത്തിൽ മേയർ/ മുനിസിപ്പൽ ചെയർമാൻ അധ്യക്ഷയും, ജില്ലാ ഡെപ്യൂട്ടി മെഡിക്കൽ ഓഫീസർ മെമ്പർ സെക്രട്ടറിയുമായിരിക്കും. ജില്ലാ മെഡിക്കൽ ഓഫീസർ ജില്ലാതലത്തിലുള്ള പബ്ലിക് ഹെൽത്ത് ഓഫീസറും തദ്ദേശ സ്ഥാപനങ്ങളിലെ ആരോഗ്യ വകുപ്പിലെ മെഡിക്കൽ ഓഫീസർ പ്രാദേശിക പബ്ലിക് ഹെൽത്ത് ഓഫീസറുമായിരിക്കും

## ആർദ്രകേരളം പുരസ്കാരം 2021-22 ന് അർഹരായ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ

**സംസ്ഥാനതല അവാർഡ്**

**ഒന്നാം സ്ഥാനം**
(10 ലക്ഷം രൂപ)
ജില്ലാ പഞ്ചായത്ത്
**കോഴിക്കോട്**
മുൻസിപ്പൽ കോർപ്പറേഷൻ
**തിരുവനന്തപുരം**
മുനിസിപ്പാലിറ്റി
**പിറവം**
ബ്ലോക്ക് പഞ്ചായത്ത്
**മുളന്തുരുത്തി**
ഗ്രാമ പഞ്ചായത്ത്
**ചെന്നീർക്കര**

**സംസ്ഥാനതല അവാർഡ്**

**രണ്ടാം സ്ഥാനം**
(5 ലക്ഷം രൂപ)
ജില്ലാ പഞ്ചായത്ത്
**പാലക്കാട്**
മുൻസിപ്പൽ കോർപ്പറേഷൻ
**കൊല്ലം**
മുനിസിപ്പാലിറ്റി
**കരുനാഗപ്പള്ളി**
ബ്ലോക്ക് പഞ്ചായത്ത്
**നെടുങ്കണ്ടം**
ഗ്രാമ പഞ്ചായത്ത്
**പോത്തൻകോട്**
(7 ലക്ഷം രൂപ)

**സംസ്ഥാനതല അവാർഡ്**

**മൂന്നാം സ്ഥാനം**
(3 ലക്ഷം രൂപ)
ജില്ലാ പഞ്ചായത്ത്
**കോട്ടയം**
മുനിസിപ്പാലിറ്റി
**വൈക്കം**
ബ്ലോക്ക് പഞ്ചായത്ത്
**ശാസ്താംകോട്ട**
ഗ്രാമ പഞ്ചായത്ത്
**കിനാന്നൂർ കരിന്തളം**
(6 ലക്ഷം രൂപ)

**ജില്ലാതലം**

**ഗ്രാമപഞ്ചായത്ത് അവാർഡ്**
ഒന്നാം സ്ഥാനം: 5 ലക്ഷം രൂപ
രണ്ടാം സ്ഥാനം: 3 ലക്ഷം രൂപ
മൂന്നാം സ്ഥാനം: 2 ലക്ഷം രൂപ

**തിരുവനന്തപുരം**
ഒന്നാം സ്ഥാനം: **കിളിമാനൂർ**
രണ്ടാം സ്ഥാനം: **കാട്ടാക്കട**
മൂന്നാം സ്ഥാനം: **പനവൂർ**

**കൊല്ലം**
ഒന്നാം സ്ഥാനം: **കല്ലുവാതുക്കൽ**
രണ്ടാം സ്ഥാനം: **ആലപ്പാട്**
മൂന്നാം സ്ഥാനം: **വെസ്റ്റ് കല്ലട**

**പത്തനംതിട്ട**
ഒന്നാം സ്ഥാനം: **ഓമല്ലൂർ**
രണ്ടാം സ്ഥാനം: **വടശ്ശേരിക്കര**
മൂന്നാം സ്ഥാനം: **ഏഴംകുളം**

**ആലപ്പുഴ**
ഒന്നാം സ്ഥാനം: **എഴുപുന്ന**
രണ്ടാം സ്ഥാനം: **പനവള്ളി**
മൂന്നാം സ്ഥാനം: **മാരാരിക്കുളം നോർത്ത്**

**കോട്ടയം**
ഒന്നാം സ്ഥാനം: **മാഞ്ഞൂർ**
രണ്ടാം സ്ഥാനം: **വാഴൂർ**
മൂന്നാം സ്ഥാനം: **മറവൻതുരുത്ത്**

**ഇടുക്കി**
ഒന്നാം സ്ഥാനം: **അറക്കുളം**
രണ്ടാം സ്ഥാനം: **കൊന്നത്തടി**
മൂന്നാം സ്ഥാനം: **കോടിക്കുളം**

**എറണാകുളം**
ഒന്നാം സ്ഥാനം: **മണീട്**
രണ്ടാം സ്ഥാനം: **പൈങ്കോട്ടൂർ**
മൂന്നാം സ്ഥാനം: **കുമ്പളം**

**തൃശ്ശൂർ**
ഒന്നാം സ്ഥാനം: **പുന്നയൂർകുളം**
രണ്ടാം സ്ഥാനം: **കൈപ്പറമ്പ**
മൂന്നാം സ്ഥാനം: **മണലൂർ**

**പാലക്കാട്**
ഒന്നാം സ്ഥാനം: **വെള്ളിനേഴി**
രണ്ടാം സ്ഥാനം: **മുതുതല**
മൂന്നാം സ്ഥാനം: **വടകരപതി**

**മലപ്പുറം**
ഒന്നാം സ്ഥാനം: **പോരൂർ**
രണ്ടാം സ്ഥാനം: **വഴിക്കടവ്**
മൂന്നാം സ്ഥാനം: **പെരുമണ്ണ ക്ലാരി**

**കോഴിക്കോട്**
ഒന്നാം സ്ഥാനം: **പനങ്ങാട്**
രണ്ടാം സ്ഥാനം: **അരികുളം**
മൂന്നാം സ്ഥാനം: **കടലുണ്ടി**

**വയനാട്**
ഒന്നാം സ്ഥാനം: **നൂൽപ്പുഴ**
രണ്ടാം സ്ഥാനം: **കണിയാമ്പറ്റ**
മൂന്നാം സ്ഥാനം: **വെള്ളമുണ്ട**

**കണ്ണൂർ**
ഒന്നാം സ്ഥാനം: **കോട്ടയം**
രണ്ടാം സ്ഥാനം: **ധർമ്മടം**
മൂന്നാം സ്ഥാനം: **കണ്ണപുരം**

**കാസർഗോഡ്**
ഒന്നാം സ്ഥാനം: **കയ്യൂർ ചീമേനി**
രണ്ടാം സ്ഥാനം: **ബളാൽ**
മൂന്നാം സ്ഥാനം: **മടിക്കൈ**



# വീടുകളിലെ പ്രസവങ്ങൾ കുറയ്ക്കാൻ ഹാംലെറ്റ് ആശമാർ സഹായിച്ചു

## ഊരുമിത്രം പദ്ധതി എല്ലാ ജില്ലകളിലും വ്യാപിപ്പിക്കും: മന്ത്രി വീണാ ജോർജ്

**ഹാംലെറ്റ് ആശ സംഗമം വേറിട്ട അനുഭവം**



*ആശാ ഡ്രഗ് കിറ്റ് വിതരണം ആരോഗ്യവകുപ്പ് മന്ത്രി വീണാ ജോർജ്ജ് ഗതാഗതവകുപ്പ് മന്ത്രി ആന്റണി രാജു എന്നിവർ ചേർന്ന് നിർവ്വഹിക്കുന്നു.*

**തിരുവനന്തപുരം**: ആദിവാസി ജനവിഭാഗങ്ങളുടെ ആരോഗ്യം മെച്ചപ്പെടുത്തുന്നതിന് വേണ്ടി ഊരുകളിൽ പ്രവർത്തിക്കുന്ന ആശാ പ്രവർത്തകരുടെ സേവനം എല്ലാ ജില്ലകളിലും വ്യാപിപ്പിക്കുമെന്ന് ആരോഗ്യവും വനിതാശിശു വികസനവും വകുപ്പ് മന്ത്രി വീണാ ജോർജ്. നിലവിൽ 11 ജില്ലകളിലായി ഇതുവരെ 536 ഊരുമിത്രങ്ങൾ സേവനമനുഷ്ഠിക്കുന്നുണ്ട്. ഇവരുടെ രണ്ട് ഘട്ട പരിശീലനവും പൂർത്തിയാക്കിയിട്ടുണ്ട്. ഊരുമിത്രം (ഹാംലെറ്റ് ആശ) പദ്ധതി കൂടുതൽ ശക്തമായി നടപ്പിലാക്കുന്നതിനുള്ള നടപടികളാണ് നടന്നു വരുന്നതെന്നും മന്ത്രി വ്യക്തമാക്കി. ആദിവാസി ജനവിഭാഗങ്ങളുടെ ആരോഗ്യം മെച്ചപ്പെടുത്തുന്നതിന് വേണ്ടി ഊരുകളിൽ പ്രവർത്തിക്കുന്ന ആശാ പ്രവർത്തകരുടെ സംഗമമായ 'ഹാംലെറ്റ് ആശ സംഗമം' തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

കേരളത്തിൽ വീടുകളിലെ പ്രസവങ്ങളും മാതൃ, ശിശുമരണ നിരക്കും കുറയ്ക്കാൻ ഏറ്റവുമധികം പങ്കുവഹിച്ചവരാണ് ഹാംലെറ്റ് ആശമാർ. വകുപ്പ് നടപ്പാക്കുന്ന പദ്ധതികൾ കൃത്യമായി ആദിവാസിമേഖലയിലെ ഗുണഭോക്താളിൽ എത്തിക്കുക പലപ്പോഴും ശ്രമകരമായ ജോലിയാണ്.

ഊരുമിത്രം പദ്ധതി നടപ്പാക്കിയ ശേഷം ആദ്യമായാണ് ആശമാരുടെ ഇത്രവലിയ സംഗമം നടക്കുന്നത്. അവരവരുടെ ഊരിലെ ആരോഗ്യ പ്രശ്നങ്ങൾ കൃത്യമായി ആരോഗ്യവകുപ്പിനെ അറിയിക്കാൻ ആശമാർക്ക് കഴിയും. പ്രത്യേകിച്ചും സ്ത്രീകളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ഹാംലെറ്റ് ആശമാർക്ക് കൃത്യമായി മനസിലാക്കാനാകും. പ്രവർത്തന മേഖലയിലെ പ്രശ്നങ്ങൾ ചർച്ച ചെയ്യാനും ഈ അവസരം ഉപയോഗപ്പെടുത്തണമെന്നും മന്ത്രി പറഞ്ഞു.

ഹാംലെറ്റ് ആശ മൊഡ്യൂൾ മൂന്നിന്റെ പ്രകാശനവും വീഡിയോ പ്രകാശനവും,

> ഊരുമിത്രം പദ്ധതി നടപ്പാക്കിയ ശേഷം ആദ്യമായാണ് ആശമാരുടെ ഇത്ര വലിയ സംഗമം നടക്കുന്നത്.

ആശ ഐഇസി കിറ്റ്, ആശമാരുടെ പ്രഥമശുശ്രൂക്ഷാ കിറ്റായ കരുതൽ കിറ്റ് വിതരണത്തിന്റെ ഉദ്ഘാടനവും ചടങ്ങിൽ നടന്നു. വിവിധ ജില്ലകളിൽ നിന്നെത്തിയ ആശമാർ തനത് വേഷത്തിലും ഭാഷയിലും കലാപരിപാടികൾ അവതരിപ്പിച്ചു. മന്ത്രി വീണാ ജോർജ് അവരോടൊപ്പം ഒത്തുചേർന്നു.

ഗതാഗത വകുപ്പ് മന്ത്രി ആന്റണി രാജു അധ്യക്ഷനായി. മുൻ എൻ.എച്ച്.എം. സ്റ്റേറ്റ് മിഷൻ ഡയറക്ടർ മൃൺമയി ജോഷി, ആരോഗ്യ വകുപ്പ് ഡയറക്ടർ ഡോ. കെ.ജെ. റീന, ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. ബിന്ദു മോഹൻ, ജില്ലാ പ്രോഗ്രാം മാനേജർ ഡോ. ആശ വിജയൻ, കെ.എം.എസ്.സി.എൽ. ജനറൽ മാനേജർ ഡോ. ഷിബുലാൽ, എൻഎച്ച്എം സോഷ്യൽ ഡെവലപ്മെന്റ് ഹെഡ് കെ.എം. സീന എന്നിവർ പങ്കെടുത്തു.



*ഹാംലെറ്റ് ആശമാർ അവതരിപ്പിച്ച സംഘനൃത്തം*



# കോഴിക്കോട് മെഡിക്കൽ കോളേജിന് പുതിയ നേട്ടം

**സർജിക്കൽ സൂപ്പർ സ്പെഷ്യലിറ്റി ബ്ലോക്ക് പ്രവർത്തനം ആരംഭിച്ചു**

*കോഴിക്കോട് മെഡിക്കൽ കോളേജിൽ പ്രവർത്തനം ആരംഭിച്ച സർജിക്കൽ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക്*

**കോഴിക്കോട്**: കോഴിക്കോട് മെഡിക്കൽ കോളേജിൽ സർജിക്കൽ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് പ്രവർത്തനം ആരംഭിച്ചു. പി.എം.എസ്.എസ്.വൈ പദ്ധതി പ്രകാരം കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹായത്തോടെ 195.93 കോടി രൂപ ചെലവഴിച്ചാണ് പൂർത്തീകരിച്ചിട്ടുള്ളത്. കേന്ദ്ര ആരോഗ്യ കുടുബക്ഷേമ വകുപ്പു മന്ത്രി ഡോ.മൻസൂഖ് എൽ മാണ്ഡവ്യയുടെ അദ്ധ്യക്ഷതയിൽ നടന്ന ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടന കർമ്മം നിർവ്വഹിച്ചു. ആരോഗ്യവും വനിതാശിശു വികസനവും വകുപ്പു മന്ത്രി വീണാ ജോർജ് ചടങ്ങിൽ പങ്കെടുത്തു.

കോഴിക്കോട് മെഡിക്കൽ കോളേജിന്റെ സ്വപ്ന സാക്ഷാത്കാരമായ പി.എം.എസ്.എസ്.വൈ ബ്ലോക്ക് പ്രവർത്തനം ആരംഭിക്കുന്നതോടെ മികച്ച ചികിത്സയാണ് രോഗികൾക്ക് ലഭ്യമാവുക. അതിനൂതന സംവിധാനങ്ങളോടു കൂടിയ ആക്സിഡന്റ് ആൻഡ് എമർജൻസി കെയർ, ആറ് സർജിക്കൽ സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങൾ എന്നിവ ഒരുക്കിയിട്ടുണ്ട്. 500 കിടക്കകളോടു കൂടിയ ഈ സർജിക്കൽ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിൽ 10 ഐ.സി.യു, 190 ഐ.സി.യു ബെഡുകൾ, മൾട്ടി ഓർഗൻ ട്രാൻസ്പ്ലാന്റേഷനായി 20 ബെഡുകൾ, ഹെഡ് ഇഞ്ചുറി കേസുകൾക്കായി 20 ബെഡുകൾ 19 ഓപ്പറേഷൻ തീയേറ്ററുകൾ എന്നിവ ഒരുക്കിയിട്ടുണ്ട്. ഇവയ്ക്ക് പുറമെ ഐ.പി.ഡി ഫാക്കൽറ്റി ഏരിയ, സി.ടി സ്കാൻ, ഡിജിറ്റൽ എക്സറെ, എം.ആർ.ഐ, ഫാർമസി, ബ്ലഡ് സ്റ്റോറേജ് യൂണിറ്റ് തുടങ്ങിയ അനുബന്ധ സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. സി.സി.ടി.വി സംവിധാനത്തോടു കൂടിയ ഈ ബ്ലോക്കിൽ കാർഡിയോ വാസ്ക്കുലർ ആൻഡ് തൊറാസിക് സർജറി, ന്യൂറോ സർജറി, യൂറോളജി, പ്ലാസ്റ്റിക് ആൻഡ് റീ കൺസ്ട്രക്റ്റീവ് സർജറി, സർജിക്കൽ ഗ്യാസ്ട്രോ എന്ററോളജി എന്നീ വാർഡുകളും, അനസ്തീഷ്യാ വിഭാഗവും സുസജ്ജമാണ്.

ഇന്ത്യയിൽ ഏറ്റവും കൂടുതൽ രോഗികൾക്ക് സൗജന്യ ചികിത്സ ലഭ്യമാക്കിയ കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ സർജിക്കൽ സ്പെഷ്യാലിറ്റി ബ്ലോക്ക് കൂടി പ്രവർത്തനമാരംഭിക്കുന്നതോടു കൂടി മലബാറിലെ ജനങ്ങൾക്ക് ഏറെ ആശ്വാസമാവുകയാണ്.

# 2025–ഓടെ ക്ഷയരോഗ മുക്തമാക്കാൻ ശക്തമായ പ്രവർത്തനങ്ങൾ: മന്ത്രി വീണാ ജോർജ്


> കേരളം നടത്തിയ മികച്ച പ്രവർത്തനങ്ങൾക്ക് ദേശീയ തലത്തിൽ 2021ൽ വെങ്കലവും 2022ൽ വെള്ളിമെഡലും നേടിയിരുന്നു.

**തിരുവനന്തപുരം**: മാനദണ്ഡങ്ങളനുസരിച്ച് 2025 ഓടെ സംസ്ഥാനത്തെ ക്ഷയരോഗ മുക്തമാക്കാനുള്ള ശക്തമായ പ്രവർത്തനങ്ങളാണ് നടന്നു വരുന്നതെന്ന് ആരോഗ്യവും വനിതാ ശിശുവികസനവും വകുപ്പ് മന്ത്രി വീണാ ജോർജ്. ഇതിനായി കൃത്യമായ ശാസ്ത്രീയമായ പരിപാടികളാണ് സംസ്ഥാനം ആവിഷ്ക്കരിച്ചു വരുന്നത്. താഴെത്തട്ട് മുതലും ആദിവാസി മേഖലകൾ കേന്ദ്രീകരിച്ചും ശ്രദ്ധേയമായ പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്. ക്ഷയരോഗ നിവാരണത്തിൽ മരുന്ന് മാത്രമല്ല പോഷകാഹാരവും പ്രധാനമാണ്. സംസ്ഥാനത്ത് 2022ൽ രജിസ്റ്റർ ചെയ്ത രോഗികൾക്കായി 4.60 കോടി രൂപ അവരുടെ ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. ക്ഷയരോഗ പ്രതിരോധത്തിൽ തദ്ദേശ സ്ഥാപനങ്ങൾ ഉൾപ്പെടെ വലിയ പങ്ക് വഹിക്കുന്നുണ്ട്. പ്രതിരോധ പ്രവർത്തനങ്ങളും ബോധവത്ക്കരണ പ്രവർത്തനങ്ങളും തുടരേണ്ടതുണ്ടെന്നും മന്ത്രി വ്യക്തമാക്കി. ലോക ക്ഷയരോഗ ദിനാചരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് ഇ.എം.എസ്. ഹാളിൽ വച്ച് നിർവഹിക്കുകയായിരുന്നു മന്ത്രി.

ക്ഷയരോഗാണുബാധ കണ്ടെത്തുന്നതിനും ചികിത്സിച്ച് ഭേദമാക്കുന്നതിനും വളരെ കൃത്യമായ നയം വളരെ നേരത്തെ തന്നെ ആവിഷ്ക്കരിച്ചിട്ടുള്ള സംസ്ഥാനമാണ് കേരളം. നവകേരളം കർമ്മ പദ്ധതി ആർദ്രം മിഷനിലൂടെ വിഭാവനം ചെയ്തിരിക്കുന്ന 10 കാര്യങ്ങളിലൊന്ന് രോഗനിർമാർജനം. അതിലൊന്നാണ് ക്ഷയരോഗ നിവാരണം. ഇതിനായി വളരെ ഫലപ്രദമായ ഇടപെടലുകളാണ് നടത്തി വരുന്നത്.

കേരളം നടത്തിയ മികച്ച പ്രവർത്തനങ്ങൾക്ക് ദേശീയ തലത്തിൽ 2021ൽ വെങ്കലവും 2022ൽ വെള്ളിമെഡലും നേടിയിരുന്നു. ഈ കാലയളവിൽ മറ്റൊരു സംസ്ഥാനത്തിനും ഇങ്ങനെയൊരു അംഗീകാരം ലഭിച്ചിട്ടില്ല എന്നത് പ്രോത്സാഹനമാണ്. എല്ലാ സർക്കാർ ആശുപത്രികളിലും തെരഞ്ഞെടുക്കപ്പെട്ട സ്വകാര്യ ആശുപത്രികളിലും ക്ഷയരോഗ നിർണയവും ചികിത്സയും തികച്ചും സൗജന്യമാണ്. കൂട്ടായ പ്രവർത്തനങ്ങളിലൂടെ ക്ഷയരോഗ നിവാരണം സാധ്യമാകുമെന്നും മന്ത്രി പറഞ്ഞു.

വി.കെ പ്രശാന്ത് എം.എൽ.എ. അധ്യക്ഷത വഹിച്ച ചടങ്ങിൽ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് ഡി. സുരേഷ് കുമാർ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ ഡോ. തോമസ് മാത്യു, ആരോഗ്യവകുപ്പ് അഡീ. ഡയറക്ടർമാരായ ഡോ. കെ.വി. നന്ദകുമാർ, ഡോ. എൻ. രാജേന്ദ്രൻ, കേരള സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റി പ്രോജക്ട് ഡയറക്ടർ ഡോ. ആർ. ശ്രീലത, ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. ബിന്ദു മോഹൻ, ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് ഡോ. സുൽഫി നൂഹ്, ആരോഗ്യ കേരളം ജില്ലാ പ്രോഗ്രാം മാനേജർ ഡോ. ആശ വിജയൻ, ജില്ലാ ടി.ബി. ഓഫീസർ ഡോ. എസ്. വത്സല എന്നിവർ പങ്കെടുത്തു.



## ആർപ്പും വിളിയുമായി മഞ്ജീരം– 2023 ജില്ലാ ആശഫെസ്റ്റ് സംഘടിപ്പിച്ചു



ആശ ഫെസ്റ്റിൽ അവതരിപ്പിച്ച സംഘനൃത്തം

**ഇടുക്കി**: ആർപ്പും വിളിയും, ആഘോഷവുമായി ജില്ലാ ആശ ഫെസ്റ്റ് മഞ്ജീരം. കാണികളെ അമ്പരപ്പിക്കുന്ന ചടുലനൃത്തങ്ങളും പാട്ടുകളുമായി ആശ വേദി കീഴടക്കി. ചെറുതോണി ടൗൺഹാളിൽ നടന്ന പരിപാടി ജലവിഭവ വകുപ്പ് മന്ത്രി റോഷി അഗസ്റ്റിൻ ഉദ്ഘാടനം ചെയ്തു. എം.പി. അഡ്വ. ഡീൻ കുര്യാക്കോസ് അദ്ധ്യക്ഷനായി. ജില്ലയിലെ ആശമാരുടെ പ്രവർത്തങ്ങൾ വളരെയേറെ അഭിനന്ദനം അർഹിക്കുന്നതാണെന്നും അവരുടെ പ്രവർത്തനങ്ങൾ വളരെയേറെ ആത്മാർത്ഥതയോടെയാണെന്നും മന്ത്രി ഉദ്ഘാടന ചടങ്ങിൽ പറഞ്ഞു.

ജില്ലയിലെ വിവിധ ബ്ലോക്കിൽ നിന്നുമുള്ള ആശമാർ ഫെസ്റ്റിനായി അണിനിരന്നു. ജോലിയുടെ പിരിമുറക്കത്തിൽ നിന്നും മാറി സർഗാത്മകതയുടെ കാഴ്ചകളാണ് ഫെസ്റ്റിൽ കാണാനായത്. നാടൻപാട്ടുകൾ, മുകാഭിനയം, സംഘനൃത്തം എന്നീ മത്സര ഇനങ്ങളിലായി 800 ഓളം ആശപ്രവർത്തകർ പങ്കെടുത്തു. വാശിയേറിയ മത്സരമായിരുന്നു കാഴ്ചവെച്ചത്. ചിന്നക്കനാൽ, കോടിക്കുളം, രാജാക്കാട്, എന്നീ പഞ്ചായത്തുകളിലെ ആശ പ്രവർത്തകർ മത്സരത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി സംസ്ഥാനതല ആശ ഫെസ്റ്റിൽ പങ്കെടുക്കുവാൻ യോഗ്യത നേടി.

ഉടുമ്പൻചോല എം.എൽ.എ എം.എം. മണി, ഇടുക്കി ബ്ലോക്ക് പ്രസിഡന്റ് ശ്രീമതി രാജി ചന്ദ്രൻ വാഴത്തോപ്പ്, ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ജോർജ്ജ് പോൾ, ആരോഗ്യ കേരളം ജില്ലാ പ്രോഗ്രാം മാനേജർ ഡോ.അനൂപ്.കെ, ആർ.സി.എച്ച്. ഓഫീസർ ഡോ. സിബി ജോർജ്ജ്, തങ്കച്ചൻ ആന്റണി, സുലൈമാൻ, അനിൽ ജോസഫ്, ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

'നാളെയുടെ പുഞ്ചിരിക്കായി'

## ഭിന്നശേഷി കുട്ടികൾക്കായി ദന്താരോഗ്യ ക്യാമ്പ് സംഘടിപ്പിച്ചു


സ്പെഷ്യൽ ദന്താരോഗ്യ ക്യാമ്പ് കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി പി ദിവ്യ ഉദ്ഘാടനം ചെയ്യുന്നു

**കണ്ണൂർ**: ഭിന്നശേഷി കുട്ടികളുടെ ദന്താരോഗ്യം ലക്ഷ്യമിട്ട് സംഘടിപ്പിച്ച ദന്താരോഗ്യ ക്യാമ്പ് 'നാളെയുടെ പുഞ്ചിരിക്കായി' ശ്രദ്ധേയമായി. കുട്ടികളിലും രക്ഷിതാക്കളിലും ദന്താരോഗ്യ ബോധവത്കരണം, പ്രാരംഭ രോഗനിർണ്ണയത്തിന്റെയും തുടർ ചികിത്സയുടെയും ആവശ്യകത എന്നീ ലക്ഷ്യത്തോടെയാണ് പരിപാടി ആരംഭിച്ചത്. ജില്ലാ മെഡിക്കൽ ഓഫീസ്, ദേശീയ ആരോഗ്യ ദൗത്യം, കണ്ണൂർ ജില്ലാ ആശുപത്രിയിലെ ദന്ത വിഭാഗം എന്നീ വിഭാഗങ്ങൾ സംയുക്തമായി, വിദ്യാഭ്യാസ വകുപ്പിന്റെ സമഗ്ര ശിക്ഷാ കേരളത്തിന്റെ (എസ്.എസ്.കെ) സഹകരണത്തോടെയാണ് ദന്താരോഗ്യ ക്യാമ്പുകൾ സംഘടിപ്പിച്ചത്. ദന്താരോഗ്യ ക്യാമ്പ് കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി പി ദിവ്യ ഉദ്ഘാടനം ചെയ്തു.

ഭിന്നശേഷികുട്ടികളുടെ ദന്താരോഗ്യ പരിരക്ഷ ലക്ഷ്യമിട്ട് സംസ്ഥാനത്ത് ആദ്യമായാണ് ഇത്തരത്തിൽ ക്യാമ്പ് നടന്നത്. കണ്ണൂർ, മാടായി, തളിപ്പറമ്പ്, പാപ്പിനിശ്ശേരി ബി ആർ സി (ബ്ലോക്ക് റിസോഴ്സ് സെന്റർ) കളിലാണ് ക്യാമ്പുകൾ സംഘടിപ്പിച്ചത്. മറ്റ് ആരോഗ്യ പ്രശ്നങ്ങൾക്കൊപ്പം ദന്തക്ഷയവും, മോണരോഗവും വായയിലെ വിവിധ രോഗാവസ്ഥയും ഭിന്നശേഷി കുട്ടികളിൽ ഏറെയാണ്. ദന്തരോഗങ്ങൾ കാരണം കുട്ടികൾ ശരിയായി ഭക്ഷണം കഴിക്കാൻ പോലും പ്രയാസപ്പെടുന്നു. കുട്ടികളിലെ ദന്തരോഗം തുടക്കത്തിൽ കണ്ടെത്തിയാൽ തുടർ ചികിത്സ ആവശ്യമായി വരുന്നവർക്ക് ജില്ലാ ആശുപത്രിയിലെ ദന്താരോഗ്യ വിഭാഗത്തിൽ നിന്നും സൗജന്യ ചികിത്സ ലഭിക്കുന്നതാണ്.

ക്യാമ്പിനോടനുബന്ധിച്ച് കുട്ടികളുടെ രക്ഷിതാക്കൾക്ക് ബോധവൽക്കരണ ക്ലാസും നൽകി. ക്യാമ്പിൽ ആയിരത്തിലധികം കുട്ടികൾ പങ്കെടുത്തു. അടുത്ത വർഷം ജില്ലയിലുടനീളം ക്യാമ്പുകൾ സംഘടിപ്പിക്കുമെന്ന് ആരോഗ്യവിഭാഗം അറിയിച്ചു. കണ്ണൂർ ജില്ലാ ആശുപത്രി ഡെന്റൽ സർജൻ ഡോ. സഞ്ജിത്ത് ജോർജ്ജ്, ഡോ ഷഹദിയ, സീനിയർ ഡന്റൽ ഹൈജീനിസ്റ്റ് അജയകുമാർ കരിവെള്ളൂർ, നിമിഷ വി എന്നിവരാണ് ക്യാമ്പിന് നേതൃത്വം നൽകുന്നത്.

ആശമാർക്കായി റസിഡൻഷ്യൽ പരിശീലനം

# ഒമ്പതാം മൊഡ്യൂൾ പരിശീലനം നേടി തൃശൂർ ജില്ലയിലെ ആശമാർ


ആശമാർക്കായി സംഘടിപ്പിച്ച റസിഡൻഷ്യൽ പരിശീലന പരിപാടിയിൽ പൊലീസ് ഉദ്യോഗസ്ഥ ക്ലാസെടുക്കുന്നു.

**തൃശൂർ**: ആശമാർക്ക് നൽകി വരുന്ന പരിശീലനം കൂടുതൽ കാര്യക്ഷമമാക്കാനും അവരുടെ പ്രവർത്തനം മെച്ചപ്പെടുത്താനുമായി റസിഡൻഷ്യൽ പരിശീലനം സംഘടിപ്പിച്ച് തൃശൂർ ജില്ലാ ആരോഗ്യകേരളം. ഒമ്പതാം മൊഡ്യൂൾ പരിശീലമാണ് ആശമാർക്ക് റസിഡൻഷ്യൽ ക്യാമ്പിലൂടെ നൽകിയത്. കിലയിൽ സംഘടിപ്പിച്ച മൂന്ന് മാസത്തോളം നീണ്ടുനിന്ന പരിശീലന പരിപാടിയിൽ 80 മുതൽ 120 പേർ വീതം 22 ബാച്ചുകളിലായി 2265 ആശമാർ പങ്കെടുത്തു.

കേരളത്തിന്റെ ആരോഗ്യം- പ്രശ്നങ്ങളും പ്രതീക്ഷകളും, വാർഡ് ഹെൽത്ത് സാനിറ്റേഷൻ ആൻഡ് ന്യൂട്രീഷൻ കമ്മിറ്റി- ഘടന, ഉത്തരവാദിത്തം, ഇടപെടൽ, സ്ത്രീകളുടേയും കുട്ടികളുടേയും വകുപ്പ്, ആരോഗ്യ പ്രവർത്തനത്തിൽ ആശ, ദുരന്ത നിവാരണം, പുതിയ കാലത്തെ പകർച്ച വ്യാധികൾ, ഏകലോകം ഏകാരോഗ്യം, നൂതന പ്രവർത്തനങ്ങൾ, മുതിർന്ന പൗരന്മാരുടെ ആരോഗ്യം, ആരോഗ്യ ഇൻഷൂറൻസ്, ഇ സഞ്ജീവനി തുടങ്ങിയ വിഷയങ്ങളിലാണ് ഒമ്പതാം മൊഡ്യൂൾ ഊന്നൽ നൽകിയത്.

മാനസിക ആരോഗ്യം ശ്രദ്ധിക്കേണ്ടതിന്റെ ആവശ്യകത മനസ്സിലാക്കുന്നതിനും സ്വന്തം ആരോഗ്യത്തെ കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനുമായി 9-ാം മൊഡ്യൂളിൽ പറഞ്ഞിരിക്കുന്ന വിഷയങ്ങൾക്കു പുറമെ യോഗ ക്ലാസ്സ് കൂടി പരിശീലനത്തിൽ ഉൾപ്പെടുത്തി. കൂടാതെ ആശമാരിലുണ്ടാവുന്ന ആരോഗ്യ പ്രശ്നങ്ങൾ കണ്ടെത്തുന്നതിനായി പരിശീലനം അവസാനിക്കുന്ന ദിനം ബോഡി മാസ്സ് ഇൻഡക്സും ഹീമോഗ്ലോബിൻ സ്റ്റാറ്റസും പരിശോധിച്ചു. ചികിത്സ ആവശ്യമായവരെ പരിശീലനത്തിനു ശേഷം ഡോക്ടറെ കാണാനും നിർദ്ദേശിച്ചു.

ഫീൽഡ്തല പ്രവർത്തനങ്ങൾക്കിടയിൽ സ്വയം സുരക്ഷ ഉറപ്പാക്കുന്നതിനും പ്രതിരോധ മാർഗ്ഗങ്ങൾ മനസ്സിലാക്കുന്നതിനുമായി പൊലീസ് ഡിപ്പാർട്ടുമെന്റിന്റെ നേതൃത്വത്തിൽ സെൽഫ് ഡിഫൻസ് പരിശീലകർ ക്ലാസ്സുകൾ നൽകി. കൂടാതെ ഗൃഹാധിഷ്ഠിത നവജാത ശിശു പരിചരണം എന്ന വിഷയവും അധികമായി ഉൾപ്പെടുത്തിയിരുന്നു.

മാറ്റങ്ങൾക്കൊരുങ്ങി വയനാട് ഗവ. മെഡിക്കൽ കോളജ്

# മൾട്ടി പർപസ് ബ്ലോക്ക്, കാത്ത് ലാബ്, സ്കിൽ ലാബ് മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യും


മാനന്തവാടി വയനാട് ഗവ. മെഡിക്കൽ കോളജിൽ ഉദ്ഘാടനത്തിന് തയ്യാറായ മൾട്ടി പർപസ് ബ്ലോക്ക്

> എട്ടു നിലകളിലായി അത്യാധുനിക സൗകര്യങ്ങളുള്ള കെട്ടിടത്തിന്റെ വിസ്തീർണം 10,880 ചതുരശ്രമീറ്ററാണ്. മെഡിക്കൽ ഒപി, എക്സ്റേ, റേഡിയോളജി, ഡയാലിസിസ് സെന്റർ, സ്ത്രീ– പുരുഷ വാർഡുകൾ, പാർക്കിങ് സൗകര്യം എന്നിവയാണ് പുതിയ കെട്ടിടത്തിലുള്ളത്.

**വയനാട്**: വലിയ മാറ്റങ്ങൾക്കൊരുങ്ങുകയാണ് വയനാട് ഗവ. മെഡിക്കൽ കോളേജ്. ഏപ്രിൽ 2ന് മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യുന്ന മൂന്നു ബൃഹദ് പദ്ധതികളാണ് ഇവിടെയുള്ളത്. നബാർഡിന്റെ 45 കോടി ചെലവിലൊരുങ്ങിയ മൾട്ടി പർപസ് ബ്ലോക്ക്, സ്റ്റേറ്റ് പ്ലാൻ ഫണ്ട് വിനിയോഗിച്ച കാത്ത് ലാബ്, ഹഡ്കോയുടെ സിഎസ്ആർ പദ്ധതിയിൽ ഉൾപ്പെടുത്തി 70 ലക്ഷം രൂപ ചെലവിൽ നിർമ്മിച്ച സ്കിൽ ലാബ് എന്നിവയാണ് മുഖ്യമന്ത്രി നാടിനു സമർപ്പിക്കുക. മൾട്ടി പർപസ് ബ്ലോക്ക് യാഥാർഥ്യമാവുന്നതോടെ ജില്ലാ ആശുപത്രിയെ അലട്ടുന്ന നിരവധി പ്രശ്നങ്ങൾക്ക് പരിഹാരമാവും. എട്ടു നിലകളിലായി അത്യാധുനിക സൗകര്യങ്ങളുള്ള കെട്ടിടത്തിന്റെ വിസ്തീർണം 10,880 ചതുരശ്രമീറ്ററാണ്. മെഡിക്കൽ ഒപി, എക്സ്റേ, റേഡിയോളജി, ഡയാലിസിസ് സെന്റർ, സ്ത്രീ-പുരുഷ വാർഡുകൾ, പാർക്കിങ് സൗകര്യം എന്നിവയാണ് പുതിയ കെട്ടിടത്തിലുള്ളത്. 2018 ഫെബ്രുവരി 14ന് തുടങ്ങിയ നിർമ്മാണ പ്രവൃത്തി പൊതുമരാമത്ത് വകുപ്പാണ് പൂർത്തീകരിച്ചത്.

മെഡിക്കൽ കോളജിൽ ആധുനിക സൗകര്യങ്ങളോടെ തുടങ്ങുന്ന കാത്ത് ലാബിൽ ഹൃദ്രോഗികൾക്ക് വിദഗ്ധ ചികിത്സ ലഭ്യമാകും. 150 ലക്ഷം രൂപ ചിലവിൽ കെഎച്ച്ആർഡബ്ല്യുഎസ് ആണ് സിവിൽ, ഇലക്ട്രിക്കൽ ജോലികൾ പൂർത്തീകരിച്ചത്. 673 ലക്ഷം രൂപയുടെ ഉപകരണങ്ങൾ കെ എം എസ് സി എൽ ലഭ്യമാക്കും. വയനാട്ടുകാർക്കും ജില്ലയുടെ അതിർത്തി പങ്കിടുന്ന കണ്ണൂർ ജില്ലയിലെ കേളകം, കൊട്ടിയൂർ, കർണാടകയിലെ ബാവലി, ബൈരക്കുപ്പ പ്രദേശങ്ങളിലുള്ളവർക്കും കാത്ത് ലാബ് ആശ്വാസകരമാകും. ജില്ലയിലെ ആരോഗ്യ, ആരോഗ്യ അനുബന്ധ മേഖലകളിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നവരുടെ കാലാനുസൃതമായ നൈപുണ്യ വികസനത്തിനായുള്ള ഹൈടെക് സ്കിൽ ലാബാണ് മെഡിക്കൽ കോളേജിൽ ഒരുങ്ങിയത്. സംസ്ഥാനത്തെ ഏക ആസ്പിരേഷൻ ജില്ലയായ വയനാട്ടിൽ ഹഡ്കോയുടെ സി എസ് ആർ പദ്ധതി മുഖാന്തരം 70 ലക്ഷം ചെലവിൽ 2850 സ്ക്വയർഫീറ്റ് വിസ്തീർണ്ണത്തിലാണ് സ്കിൽ ലാബ്. ജനുവരി 30ന് നിർമ്മാണം പൂർത്തിയായി. അക്കോസ്റ്റിക് സൗണ്ട് പ്രൂഫ്, സീലിങ്, വാളിങ്, ഓഡിയോ സിസ്റ്റം, എയർകണ്ടീഷൻ, ഫ്രണ്ട് ഓഫീസ് റിസപ്ഷൻ കൗണ്ടർ, മാർബിൾ ടോപ് വർക്കിങ് ടേബിളുകൾ, ഡയസ്, 100 പേർക്കുള്ള സീറ്റിംഗ് കപ്പാസിറ്റി, പാൻട്രി ഏരിയ, മെയിൽ/ഫീമെൽ വാഷ് ഏരിയകൾ എന്നീ സൗകര്യങ്ങൾ ഇവിടെയുണ്ട്.

ആരോഗ്യരംഗത്ത് ഏറെ മുന്നാക്കം നിൽക്കുന്ന സംസ്ഥാനമാണ് കേരളം. വിദ്യാഭ്യാസം, സാക്ഷരത, രാഷ്ട്രീയ-സാമൂഹിക പ്രസ്ഥാനങ്ങൾ ഉണ്ടാക്കിയെടുത്ത പൊതു അവബോധം എന്നിവ ഈ നേട്ടം കൈവരിക്കാൻ കേരളത്തെ സഹായിച്ചു. സംസ്ഥാനം നേരിടുന്ന ആരോഗ്യപ്രശ്നങ്ങളും അവ ഉയർത്തുന്ന വെല്ലുവിളികളും ഏറെയാണ്. ആദിവാസി- പിന്നാക്ക ജില്ലയായി പ്രഖ്യാപിച്ചിരിക്കുന്ന വയനാട് ജില്ലയിൽ ആദിവാസികളും കർഷക- തോട്ടംതൊഴിലാളികൾ ഉൾക്കൊള്ളുന്ന ബഹുഭൂരിപക്ഷം ജനങ്ങളും ആശ്രയിക്കുന്ന പ്രധാന സ്ഥാപനമാണ് വയനാട് ഗവ. മെഡിക്കൽ കോളേജ്. കൂടാതെ വയനാടുമായി അതിർത്തി പങ്കിടുന്ന കണ്ണൂർ ജില്ലയിലെ ഇരിട്ടി, പേരാവൂർ, കേളകം,കണിച്ചാർ പഞ്ചായത്തുകളിലെ ബഹു ഭൂരിപക്ഷം ജനങ്ങളും കർണ്ണാടകയിലെ കൂർഗ്, ബാവലി, ബൈരക്കുപ്പ, തമിഴ്നാടിലെ ഗൂഡല്ലൂർ എന്നീ പ്രദേശങ്ങളിലെ ജനങ്ങളും ഈ ആശുപത്രിയിലെത്തുന്നു. സർക്കാർ മെഡിക്കൽ കോളേജ് എന്ന വയനാട്ടുകാരുടെ സ്വപ്നം 2021 ഫെബ്രുവരി 14ന് സഫലമായി. 1923-ൽ ഡിസ്പെൻസറിയായി പ്രവർത്തനമാരംഭിച്ച്, ഇന്ന് മെഡിക്കൽ കോളജ് ആശുപത്രിയായി നിൽക്കുന്ന ഈ ആതുരാലയം ലക്ഷക്കണക്കിന് ജനങ്ങളുടെ ഏക ആശ്രയവും പ്രതീക്ഷയുമാണ്.

# വിവക്കായി കോലായക്കൂട്ടമൊരുക്കി ജില്ലാ ആരോഗ്യവകുപ്പ്



**കാസർഗോഡ്**: സ്ത്രീകളിലെയും കുട്ടികളിലെയും വിളർച്ച തടയുന്നതിനായി ആരോഗ്യ വകുപ്പ് ആരംഭിച്ച വിവ ക്യാമ്പയിനെ വീടിന്റെ കോലായിലേക്ക് കൊണ്ടുവരികയാണ് ജില്ലാ ആരോഗ്യവകുപ്പ്. കോലായക്കൂട്ടം എന്ന പരിപാടിയിലൂടെ ജനങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കുകയാണ് ജില്ലാ ആരോഗ്യവകുപ്പ്.

കോലായക്കൂട്ടം എന്ന പരിപാടിയിലൂടെ സമൂഹത്തിലെ എല്ലാവരിലേക്കും വിവാ കേരളം ക്യാമ്പയിൻ സന്ദേശം എത്തിക്കുവാനാണ് ലക്ഷ്യമിടുന്നത്.. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെയാണ് ആരോഗ്യ വകുപ്പ് പരിപാടി നടത്തുന്നത്. ഓരോ വാർഡിലെയും ഒരു വീട് തെരഞ്ഞെടുത്ത് ആ പ്രദേശത്തെ സ്ത്രീകളുടെ നേതൃത്വത്തിൽ ഒരു കൂട്ടായ്മ സംഘടിപ്പിച്ചാണ് സന്ദേശം നൽകുന്നത്. പദ്ധതിയുടെ ആദ്യഘട്ടമെന്നോണം ചെറുവത്തൂർ പഞ്ചായത്തിലെ കുട്ടിവയൽ വാർഡിൽ കോലായക്കൂട്ടം നടത്തി.

ആരോഗ്യകരമായ ഭക്ഷണരീതി, പഴയകാലത്തിന്റെ ഭക്ഷണ രീതി, അവരുടെ ആരോഗ്യ ശീലങ്ങൾ എന്നിവ കോലായക്കൂട്ടം ചർച്ച ചെയ്തു. കൂടെ ജനപ്രതിനിധികളും ആരോഗ്യ പ്രവർത്തകരും ചേർന്നു. ആരോഗ്യപ്രവർത്തകർ വിളർച്ച തടയുന്നതിനുള്ള നിർദ്ദേശങ്ങൾ അവർക്ക് നൽകി. ഹീമോഗ്ലോബിൻ പരിശോധനയ്ക്കുള്ള സൗകര്യവും ഒരുക്കി.

'വിവ'യുടെ സന്ദേശം പകരുന്ന ആരോഗ്യ പ്രവർത്തകരുടെ ഒപ്പന, ആശാപ്രവർത്തകരുടെ നാടൻ പാട്ട്, നാട്ടിലെ കലാകാരികളുടെ നൃത്തങ്ങൾ എന്നിവയും കോലായക്കൂട്ടത്തിൽ അരങ്ങേറി. വിവ ജനകീയമാക്കുന്നതിനായി ജില്ലയിലുടനീളം കോലായക്കൂട്ടം സംഘടിപ്പിക്കുന്നതാണ്.

## എമർജൻസി, ട്രോമകെയർ സംവിധാനത്തെ അഭിനന്ദിച്ച് ഡബ്ല്യു.എച്ച്.ഒ. ഡെപ്യൂട്ടി ഹെഡ്

# തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ട്രോമകെയർ സംവിധാനം ഏറ്റവും മികച്ചത്

**ട്രോമകെയർ രംഗത്തെ വിദഗ്ധരുമായി മന്ത്രി വീണാ ജോർജ് ചർച്ച നടത്തി**



*ആരോഗ്യമന്ത്രി വീണാ ജോർജ്, ഡബ്ല്യു.എച്ച്.ഒ ഇന്ത്യ ഡെപ്യൂട്ടി ഹെഡ് പേഡൻ, മറ്റ് ട്രോമ കെയർ വിദഗ്ദ്ധർ എന്നിവരുമായി കൂടിക്കാഴ്ച നടത്തുന്നു.*

**തിരുവനന്തപുരം**: തിരുവനന്തപുരം മെഡിക്കൽ കോളേജിൽ സംസ്ഥാന ആരോഗ്യ വകുപ്പ് വികസിപ്പിച്ചെടുത്ത എമർജൻസി, ട്രോമകെയർ സംവിധാനം ഏറ്റവും മികച്ചതെന്ന് ഡബ്ല്യു.എച്ച്.ഒ. ഇന്ത്യ ഡെപ്യൂട്ടി ഹെഡ് പേഡൻ. മെഡിക്കൽ കോളേജിലെ ഇന്റഗ്രേറ്റഡ് എമർജൻസി കെയർ സംഘം സന്ദർശിച്ചു. അവിടത്തെ പ്രവർത്തനങ്ങൾ നേരിട്ട് ബോധ്യമായതായും ഡബ്ല്യു.എച്ച്.ഒ. ഡെപ്യൂട്ടി ഹെഡ് പറഞ്ഞു. പ്രഥമ അന്താരാഷ്ട്ര കേരള എമർജൻസി മെഡിസിൻ സമ്മിറ്റിൽ സംസാരിക്കുകയായിരുന്നു ഡബ്ല്യു.എച്ച്.ഒ. പ്രതിനിധി.

കേരള എമർജൻസി മെഡിസിൻ സമ്മിറ്റിൽ ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജുമായി വിദഗ്ദ്ധ സംഘം നടത്തിയ ചർച്ചയിലും ഡബ്ല്യു.എച്ച്.ഒ. ഡെപ്യൂട്ടി ഹെഡ് അഭിനന്ദനമറിയിച്ചു. അടിയന്തര ചികിത്സാ സംവിധാനം വർധിപ്പിക്കുന്നതിന് ഈ സർക്കാരിന്റെ കാലത്ത് ഒട്ടേറെ പ്രവർത്തനങ്ങളാണ് നടത്തയത്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ എമർജൻസി കാഷ്വാലിറ്റി സംവിധാനം പുതിയ കെട്ടിടത്തിലേക്ക് മാറ്റി. ട്രയാജ് സംവിധാനം ഏർപ്പെടുത്തി. മികച്ച സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയർ തയ്യാറാക്കി. എമർജൻസി മെഡിസിൻ സംവിധാനം എങ്ങനെ പ്രവർത്തിക്കണമെന്നതിന് ഒരു ഉന്നതതല കമ്മിറ്റി രൂപീകരിച്ചാണ് പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചത്. മന്ത്രിയുടെ നേതൃത്വത്തിൽ പ്രവർത്തനങ്ങൾ നിരന്തരം വിലയിരുത്തി മേൽനടപടികൾ സ്വീകരിച്ചു. അത്യാഹിത വിഭാഗത്തിലെത്തുന്നവർക്ക് ഏറ്റവും കുറഞ്ഞ സമയം കൊണ്ട് കാർഡിയാക്, സ്ട്രോക്ക് ചികിത്സകൾ നൽകുന്നതിന് ക്രമീകരണം ഏർപ്പെടുത്തി. ചികിത്സാ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് ക്വാളിറ്റി ഇംപ്രൂവ്മെന്റ് ഇനിഷ്യേറ്റീവിന്റെ പൈലറ്റ് പ്രോജക്ട് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ നടപ്പിലാക്കി.

എമർജൻസി മെഡിസിൻ രംഗത്ത് കേരളം വലിയ ഇടപെടലുകളാണ് നടത്തിവരുന്നതെന്ന് ഡബ്ല്യു.എച്ച്.ഒ. പ്രതിനിധി പറഞ്ഞു. അടിയന്തര ചികിത്സയ്ക്ക് മാത്രമല്ല അവരെ പരിശീലിപ്പിക്കുന്നതിനും കേരളം പ്രാധാന്യം നൽകുന്നു. അപെക്സ് ട്രോമ ആന്റ് എമർജൻസി കെയർ ലേണിംഗ് സെന്ററും സംഘം സന്ദർശിച്ചു. 7200-ലധികം ഡോക്ടർമാരും നഴ്സുമാരും നഴ്സിങ് അസിസ്റ്റന്റുമാരും എമർജൻസി കെയറിൽ പരിശീലനം നേടിയ സ്ഥാപനമാണ്. ഇതും പ്രശംസനീയമാണ്. സമഗ്ര ട്രോമ കെയർ സംവിധാനം ശക്തിപ്പെടുത്തുന്നതിൽ തുടർന്നും പിന്തുണയ്ക്കുമെന്നും ഡബ്ല്യു.എച്ച്.ഒ. പ്രതിനിധി പറഞ്ഞു. മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയായ ഈ ലേണിംഗ് സെന്ററിനെ സൗത്ത് കൊളാബെറേറ്റിംഗ് സെന്ററായി ഉയർത്തിയെടുക്കാനുള്ള ആഗ്രഹവും അവർ പ്രകടിപ്പിച്ചു.

കേരളത്തിലെ എമർജൻസി, ട്രോമ കെയർ രംഗത്തെ മാറ്റങ്ങൾ മന്ത്രി വീണാ ജോർജ് വിവരിച്ചു. ഇനിയും ഈ രംഗത്ത് കൂടുതൽ പ്രവർത്തനങ്ങൾ നടത്തുന്നതിനായാണ് അന്താരാഷ്ട്ര സമ്മിറ്റ് സംഘടിപ്പിച്ചതെന്ന് മന്ത്രി വ്യക്തമാക്കി. കേന്ദ്ര സർക്കാർ, ലോകാരോഗ്യ സംഘടന, നീതി ആയോഗ്, എയിംസ്, മറ്റ് സംസ്ഥാനങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ള വിദഗ്ദ്ധർ ചർച്ചയിൽ പങ്കെടുത്തു.

# 18ന് വയസിന് താഴെയുള്ള എല്ലാ ഭിന്നശേഷി കുട്ടികൾക്കും സൗജന്യ സമഗ്ര ദന്തചികിത്സ: മന്ത്രി വീണാ ജോർജ്



*മാജിക് പ്ലാനറ്റിൽ എത്തിയ ആരോഗ്യമന്ത്രി വീണാ ജോർജ്ജ് കുട്ടികൾക്കൊപ്പം.*

**തിരുവനന്തപുരം**: സംസ്ഥാനത്ത് 18 വയസിന് താഴെയുള്ള എല്ലാ ഭിന്നശേഷി കുട്ടികൾക്കും സൗജന്യ സമഗ്ര ദന്തചികിത്സ ലഭ്യമാക്കുമെന്ന് ആരോഗ്യവും വനിതാശിശു വികസനവും വകുപ്പ് മന്ത്രി വീണാ ജോർജ്. എല്ലാതരത്തിലുള്ള മൈനറും മേജറുമായിട്ടുള്ള ഓറൽ സർജറി പ്രൊസീജിയറുകൾ, ഓർത്തോഗ്നാത്തിക് സർജറി, കോസ്മറ്റിക് സർജറി, മോണ സംബന്ധമായ പ്രശ്നങ്ങൾ, ദന്തക്രമീകരണം, പല്ല് നഷ്ടപ്പെട്ട കുട്ടികൾക്ക് പല്ല് വയ്ക്കൽ തുടങ്ങിയ എല്ലാം സൗജന്യമായി ചെയ്തുകൊടുക്കുമെന്നും മന്ത്രി പറഞ്ഞു. ലോക വദനാരോഗ്യ ദിനാചരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം മാജിക് പ്ലാനറ്റിൽ നിർവഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി.

നമ്മുടെ ശരീരത്തിലെ മറ്റ് രോഗങ്ങളുമായിക്കൂടി ദന്താരോഗ്യം ബന്ധപ്പെട്ടിരിക്കുന്നു. പ്രമേഹം, രക്തസമ്മർദം, പക്ഷാഘാതം തുടങ്ങിയ വിവിധ രോഗങ്ങൾ ദന്താരോഗ്യവുമായി ബന്ധപ്പെട്ടതാണ്. ദേശീയ ആരോഗ്യ പരിപാടിക്ക് കീഴിൽ ആരോഗ്യത്തിനും വദന സംരക്ഷണത്തിനും മാതൃകാപരമായ പ്രവർത്തനങ്ങളാണ് കേരളം നടത്തുന്നത്. മാർച്ച് 20 മുതൽ 27 വരെ ഒരാഴ്ച നീണ്ടുനിൽക്കുന്ന വദനാരോഗ്യ വാരാചരണം സംസ്ഥാന സർക്കാർ നടത്തുകയാണ്. കേരളത്തെ ലോകത്തിനു മുന്നിൽ ആരോഗ്യ രംഗത്തെ ഹബ്ബാക്കി മാറ്റുന്ന രീതിയിലുള്ള പ്രവർത്തനങ്ങളാണ് തുടർന്നുവരുന്നത്. ഇതിനായി അന്താരാഷ്ട്ര നിലവാരത്തിലുള്ള നൂതന സാങ്കേതിക വിദ്യകളിൽ അധിഷ്ഠിതമായ അടിസ്ഥാന സൗകര്യങ്ങൾ സംസ്ഥാന വ്യാപകമായി ആരോഗ്യമേഖലയിൽ നടപ്പിലാക്കുകയാണ്. ഭിന്ന ശേഷി വിദ്യാർഥികൾക്കുള്ള സൗജന്യ വദനാരോഗ്യ പദ്ധതി ആദ്യമായി ഡോ. ഗോപിനാഥ് മുതുകാട് നേതൃത്വം നൽകുന്ന മാജിക് പ്ലാനെറ്റിൽ തുടങ്ങുന്നു എന്നുള്ളത് ഏറെ സന്തോഷകരമാണെന്നും മന്ത്രി അഭിപ്രായപ്പെട്ടു.

തിരുവനന്തപുരം ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. ബിന്ദു മോഹൻ, ദന്തൽ വിഭാഗം ഡപ്യൂട്ടി ഡയറക്ടർ ഡോ. സൈമൺ മോറിസൺ, ആരോഗ്യ കേരളം ജില്ലാ പ്രോഗ്രാം മാനേജർ ഡോ. ആശ വിജയൻ, ഡെന്റൽ ഡിസ്ട്രിക് നോഡൽ ഓഫീസർ ഡോ. ഷാനവാസ്, മാജിക് പ്ലാനറ്റ് ഡിഫറന്റ് ആർട്ട് സെന്റർ ജനറൽ മാനേജർ ബിജു രാജ് എന്നിവർ പങ്കെടുത്തു.

# ആവേശമായി സൈക്ലത്തോണും റോളർ സ്കേറ്റിങ്ങും



*വിവ കേരളം ക്യാമ്പയിന്റെ ഭാഗമായി സംഘടിപ്പിച്ച സ്കേറ്റിംഗ്*

**പത്തനംതിട്ട**: വിവ കേരളം കാമ്പയിന്റെയും ലോക വനിതാദിനത്തിന്റെയും ഭാഗമായി പത്തനംതിട്ട ജില്ലാ മെഡിക്കൽ ഓഫീസും, ദേശീയ ആരോഗ്യദൗത്യവും സംയുക്തമായി സംഘടിപ്പിച്ച സൈക്ലത്തോണും റോളർ സ്കേറ്റിങ്ങും ആവേശകരമായി. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) ഡോ. എൽ. അനിതകുമാരി പരിപാടി ഫ്ളാഗ് ഓഫ് കർമ്മം നിർവഹിച്ചു.

അനാരോഗ്യകരമായ ജീവിതശൈലി, വ്യായാമക്കുറവ് എന്നിവ ആളുകളിൽ പലവിധ ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമാവുകയാണ്. വ്യായാമത്തിന്റെ ആവശ്യകത ഓർമിപ്പിക്കുന്നതിനും നല്ല ജീവിതശൈലീ പ്രോത്സാഹിപ്പിക്കുന്നതിനുമായാണ് ഇത്തരത്തിൽ ഒരു പരിപാടി സംഘടിപ്പിച്ചത്. കൂടാതെ സ്ത്രീകളിലും പെൺകുട്ടികളിലും വിളർച്ച കണ്ടെത്തി തടയുന്നതിനായി ആരംഭിച്ച സംസ്ഥാന ആരോഗ്യവകുപ്പിന്റെ 'വിവ കേരളം' കാമ്പയിൻ ബോധവൽക്കരണവും പരിപാടിയുടെ ഭാഗമായി നടന്നു. പത്തനംതിട്ട കാത്തോലിക്കേറ്റ് കോളജിലെ ഫിസിക്കൽ എഡ്യൂക്കേഷൻ വിഭാഗവും ജില്ലാ സ്പോർട്ട്സ് കൗൺസിലും ഇ.എസ് റോളർ സ്ക്കേറ്റിംഗ് ക്ലബും സംയുക്തമായി സഹകരിച്ചാണ് പരിപാടി സംഘടിപ്പിച്ചത്. നിരവധി പെൺകുട്ടികളാണ് പരിപാടിയുടെ ഭാഗമായെത്തിയത്. പത്തനംതിട്ട ജനറൽ ആശുപത്രിയിൽ നിന്നും ആരംഭിച്ച് ഗാന്ധി സ്ക്വയർ, സ്റ്റേഡിയം ജംഗ്ഷൻ വഴി ജനറൽ ആശുപത്രിയിൽ തിരിച്ചെത്തും വിധമായിരുന്നു സൈക്ലത്തോണും റോളർ സ്ക്കേറ്റിംങ്ങും ക്രമീകരിച്ചത്.

# മലയോര മേഖലയ്ക്ക് തുണയായി നിലമ്പൂരിൽ രക്തബാങ്ക്



*നിലമ്പൂർ ജില്ലാ ആശുപത്രിയിൽ സ്ഥാപിച്ച രക്ത ബാങ്ക് മന്ത്രി വി അബ്ദുറഹിമാൻ ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്നു*

**മലപ്പുറം**: മലയോരമേഖലയ്ക്ക് ആശ്വാസമായി നിലമ്പൂർ ജില്ലാശുപത്രിയിൽ രക്തബാങ്ക് പ്രവർത്തനം ആരംഭിച്ചു. ഒരു ദിവസം 3040 പേരിൽ നിന്നും രക്തം സ്വീകരിക്കാൻ സൗകര്യമുള്ള രക്തബാങ്കാണ് ഇവിടെ ആരംഭിച്ചിട്ടുള്ളത്. രക്തബാങ്കിന്റെ ഉദ്ഘാടനം ന്യൂനപക്ഷ ക്ഷേമ, കായിക വകുപ്പ് മന്ത്രി വി അബ്ദുറഹിമാൻ നിർവ്വഹിച്ചു. രക്തഘടകങ്ങൾ വേർതിരിക്കുന്ന യൂണിറ്റിന്റെ ഉദ്ഘാടനം പി വി അബ്ദുൾ വഹാബ് എം പിയും നിർവ്വഹിച്ചു. ജില്ലാ പഞ്ചായത്ത് 56 ലക്ഷം രൂപ, എം പി ലാഡ്സ് 36 ലക്ഷം രൂപ, എച്ച് എം സി 10 ലക്ഷം രൂപ എന്നിവ ഉപയോഗിച്ചാണ് പദ്ധതി പൂർത്തീകരിച്ചത്. നിലമ്പൂർ, ഏറനാട് താലൂക്കുകളിലെയും അയൽ സംസ്ഥാനമായ തമിഴ്നാട്ടിലെ നീലഗിരി ജില്ലയിലെയും സാധാരണക്കാരായ ആയിരക്കണക്കിന് ജനങ്ങളുടെയും ഗോത്ര വർഗ്ഗത്തിൽപ്പെട്ട ജനങ്ങളുടേയും ഏക ആശ്രയ കേന്ദ്രമാണ് നിലമ്പൂർ ജില്ലാശുപത്രി. പ്രസവ ശസ്ത്രക്രിയ, കാൻസർ അടക്കമുള്ള ഗുരുതര രോഗങ്ങൾ ബാധിച്ച് രക്തം ആവശ്യമായി വരുന്ന ഗൂഡല്ലൂർ മുതൽ മഞ്ചേരി വരെയുള്ള രോഗികൾക്ക് ഏറെ സഹായകരമാകും ഈ രക്തബാങ്ക്.

2012 മുതൽ നിലമ്പൂർ ജില്ല ആശുപത്രിയിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ഒരു രക്ത സ്റ്റോറേജ് യൂണിറ്റ് നിലവിലുണ്ട്. മഞ്ചേരി, പെരിന്തൽമണ്ണ എന്നിവിടങ്ങളിലെ സർക്കാർ രക്തബാങ്കിൽ നിന്നും എത്തിക്കുന്ന രക്തം ഇവിടെ സംഭരിച്ച് രോഗികൾക്ക് നൽകി വരുന്നു. ഇത്തരത്തിൽ 200 ൽ അധികം രക്ത യൂണിറ്റുകൾ മാസം തോറും നൽകി വന്നിരുന്നെങ്കിലും ദാതാക്കൾക്ക് പലപ്പോഴും മഞ്ചേരി രക്തബാങ്കിൽ പോയി രക്തം ദാനം ചെയ്യേണ്ട സാഹചര്യം ഉണ്ടായിരുന്നു. ജനങ്ങളുടെ ഈ ബുദ്ധിമുട്ട് പരിഹരിക്കാൻ നിലമ്പൂർ ജില്ലാശുപത്രിയിലെ രക്തബാങ്കിന് സാധിക്കും. ഇത് വഴി ഏത് സമയത്തും ആവശ്യത്തിന് രക്തം ലഭ്യമാക്കാൻ സാധിക്കുന്നു. രക്തബാങ്ക് പ്രവർത്തന സജ്ജമായതോടെ സർക്കാർ, സ്വകാര്യ ആശുപത്രിയിലെ ഓരോ രോഗിക്കും ആവശ്യമായ ചുവന്ന രക്താണുക്കൾ, പ്ലേറ്റ്ലറ്റ്, പ്ലാസ്മ തുടങ്ങിയ രക്തഘടകങ്ങൾ ആവശ്യാനുസരണം ലഭ്യമാക്കുവാൻ സാധിക്കും.

# വെളിച്ചം പകർന്ന് വിവ ക്യാമ്പയിൻ



*വിവാ ക്യാമ്പയിന്റെ ഭാഗമായി നടന്ന വിളർച്ച പരിശോധന*

**പാലക്കാട്**: വിളർച്ച മുക്ത കേരളത്തിനായി ബഹുജന ക്യാമ്പയിൻ. വിവ കേരളത്തിന്റെ പ്രചരണാർത്ഥം ഒത്തുചേർന്ന് മെഴുകുതിരി തെളിയിച്ച് വിളർച്ചക്കെതിരായ പ്രതിജ്ഞ ചൊല്ലി പാലക്കാടിന്റെ അതിർത്തി ഗ്രാമമായ ഒഴലപ്പതി. വൈദ്യുതി വകുപ്പ് മന്ത്രി കെ. കൃഷ്ണൻ കുട്ടിയുടെ സാന്നിദ്ധ്യത്തിൽ ഒഴലപ്പതി കുടുംബാരോഗ്യകേന്ദ്രത്തിലാണ് പരിപാടി സംഘടിപ്പിച്ചത്. ആരോഗ്യരംഗത്ത് നടത്തുന്ന ഏറ്റവും പ്രധാനപ്പെട്ട പരിപാടിയാണ് 15 മുതൽ 59 വയസ്സ് വരെയുള്ള പെൺകുട്ടികളുടെയും സ്ത്രീകളുടെയും വിളർച്ച പരിഹരിക്കുന്നതിനുള്ള പരിപാടിയെന്ന് മന്ത്രി പറഞ്ഞു. സാമൂഹികമായും വിദ്യാഭ്യാസപരമായും പിന്നാക്കം നിൽക്കുന്ന പാലക്കാടിന്റെ ഗ്രാമീണ മേഖലകളിൽ ഒക്കെ ഇതിന്റെ ആരോഗ്യ ബോധവൽക്കരണ സന്ദേശങ്ങൾ ഫലപ്രദമായി എത്തിക്കേണ്ടതുണ്ട്, മന്ത്രി കൂട്ടിച്ചേർത്തു. 97 ശതമാനം മാർക്കോടെ ദേശീയ ഗുണനിലവാര അംഗീകാരം നേടിയ ഒഴലപ്പതി കുടുംബാരോഗ്യ കേന്ദ്രത്തിലെജീവനക്കാരെമന്ത്രി അനുമോദിച്ചു.

വിപുലമായ ബോധവൽക്കരണ പരിപാടികളാണ് വിവ കേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായി ജില്ലയിൽ ഉടനീളം നടന്നത്. അന്താരാഷ്ട്ര വനിതാ ദിനത്തോടനുബന്ധിച്ച് കളക്ടറേറ്റ് കോമ്പൗണ്ടിൽ ഒരുക്കിയ വിവ കേരളം സ്റ്റാളിൽ സിവിൽ സ്റ്റേഷനിലെ 550 വനിതാ ജീവനക്കാരുടെ ഹീമോഗ്ലോബിൻ പരിശോധിച്ചു. പ്രസ്തുത പരിപാടി ജില്ലാ കളക്ടർ ഡോ.എസ് ചിത്ര അനീമിയ പരിശോധനയിൽ പങ്കുചേർന്നുകൊണ്ട് ഉദ്ഘാടനം ചെയ്തു. ഇതോടനുബന്ധിച്ച് പാലക്കാട് ഫോർട്ട് പെഡലേഴ്സ് ക്ലബ്ബുമായി സഹകരിച്ച് സൈക്കിൾ റാലിയും സംഘടിപ്പിച്ചു. കോട്ടമൈതാനത്ത് നിന്ന് ആരംഭിച്ച് യാക്കര, കണ്ണാടി വഴി ജില്ലാ ആശുപത്രി പരിസരത്ത് തിരിച്ചെത്തും വിധമായിരുന്നു റാലി ക്രമീകരിച്ചത്.

തുടർന്ന് നഗരത്തിന്റെ പ്രധാന ഇടങ്ങളിൽ ഗവ. സ്കൂൾ ഓഫ് നേഴ്സിങിലെ വിദ്യാർഥിനികൾ ഫ്ളാഷ് മോബും ലഘു നാടകവും അവതരിപ്പിച്ചു. തിരക്കേറിയ നഗരത്തിൽ വിവാ കേരളം പ്ലക്കാർഡുകളും ബോധവൽക്കരണ പോസ്റ്ററുകളുമായുള്ള മുപ്പതോളം വിദ്യാർഥിനികളുടെ കലാപ്രകടനം ഏറെ ജനശ്രദ്ധ പിടിച്ചുപറ്റുന്നതായിരുന്നു.

ജില്ലയിലെ വിവിധ ആരോഗ്യ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ചും ശ്രദ്ധേയമായ പരിപാടികൾ ആണ് വിവ കേരളം ക്യാമ്പയിൻ പ്രചരണാർത്ഥം നടന്നത്. അംഗനവാടികൾ, സ്കൂളുകൾ, ട്രൈബൽ ഹോസ്റ്റലുകൾ, ചേരി പ്രദേശങ്ങൾ, ആരോഗ്യ സ്ഥാപനങ്ങൾ എന്നിവ കേന്ദ്രീകരിച്ച് വിപുലമായ വിളർച്ച പരിശോധന നടത്തി. ജില്ലയിൽ ഇതുവരെ ഏകദേശം 23000 ആളുകളുടെ സ്ക്രീനിംഗ് നടത്തിയിട്ടുണ്ട്. വിളർച്ചയിൽ നിന്ന് വളർച്ചയിലേക്കുള്ള കേരളത്തിന്റെ മുന്നേറ്റത്തിൽ സമൂഹത്തിലെ എല്ലാ വിഭാഗം ആളുകളിലേക്കും ആരോഗ്യ സന്ദേശങ്ങൾ എത്തിച്ചുകൊണ്ട് ശക്തമായ അടയാളപ്പെടുത്തൽ ആവുകയാണ് വിവ കേരളം.

# കുഞ്ഞുങ്ങളുടെ ആരോഗ്യം ലക്ഷ്യമിട്ട് ലിറ്റിൽ ചാമ്പ് – ബെസ്റ്റ് ബേബി കോൺടെസ്റ്റ്



*ലിറ്റിൽ ചാമ്പ് മത്സരത്തിൽ പങ്കെടുക്കുന്ന കുഞ്ഞുങ്ങളുടെ ആരോഗ്യ പരിശോധന നടത്തുന്നു.*

**തൃശ്ശൂർ**: ശൈശവാരോഗ്യം ലക്ഷ്യമിട്ട് വ്യത്യസ്തമാർന്നൊരു പരിപാടിയുമായി ജില്ലാ ആരോഗ്യവകുപ്പ്. കുഞ്ഞുങ്ങളുടെ സമഗ്ര ആരോഗ്യം ഉറപ്പാക്കുന്നതിനായി സംഘടിപ്പിച്ച ലിറ്റിൽ ചാമ്പ് - ബെസ്റ്റ് ബേബി കോൺടെസ്റ്റ് ഏറെ ആകർഷകമായി.

ആരോഗ്യമുള്ള കുഞ്ഞുങ്ങളിലൂടെ നാളെയെ വാർത്തെടുക്കാം എന്ന ബോധ്യത്തിൽ നിന്നാണ് ജില്ലാ ആരോഗ്യ വകുപ്പ് ഈയൊരു പരിപാടി ആവിഷ്കരിച്ച് നടപ്പാക്കുന്നത്. ഒരു വയസ് മുതൽ രണ്ട് വയസ് വരെ പ്രായമുള്ള കുഞ്ഞുങ്ങൾക്കായാണ് മത്സരം. കുഞ്ഞുങ്ങളുടെ ശരീരഭാരം, സമയബന്ധിതമായി പ്രതിരോധ കുത്തിവയ്പ്പുകൾ എടുക്കുന്നത്, ആറ് മാസം മുലപ്പാൽ മാത്രം നൽകിയത്, കുഞ്ഞിന്റെ ആരോഗ്യസ്ഥിതി, സർക്കാർ ആശുപത്രി പ്രസവങ്ങൾ തുടങ്ങിയ വസ്തുതകൾ അടിസ്ഥാനമാക്കിയാണ് കുഞ്ഞുങ്ങളെ സ്ക്രീൻ ചെയ്തത്. കൂടാതെ മാതാപിതാക്കൾക്കായി എം.സി.പി. കാർഡുമായി ബന്ധപ്പെട്ട് ക്വിസ് പരിപാടിയും സംഘടിപ്പിച്ചു. കുഞ്ഞുങ്ങൾക്കും മാതാപിതാക്കൾക്കുമായി രണ്ട് ഘട്ടമായാണ് മത്സരം നടത്തിയത്. പരിപാടിയോടനുബന്ധിച്ച് ന്യുമോണിയ (സാൻസ്) വിഷയത്തിൽ ബോധവൽക്കരണ ക്ലാസ്സും നടത്തി.

ജില്ലയിലെ 20 ബ്ലോക്കുകളിലയാണ് പരിപാടി നടത്തിയത്. മത്സര വിജയികൾക്ക് സമ്മാനവും നൽകി.

# ആർത്തവ ശുചിത്വ സന്ദേശവുമായി 'മഴവില്ല്' ക്യാമ്പയിൻ



*മഴവില്ല് ബോധവൽക്കരണ പരിപാടിയുടെ ഭാഗമായ ആരോഗ്യപ്രവർത്തകർ വിദ്യാർഥിനികൾക്കൊപ്പം.*

*കോഴിക്കോട്*: ആർത്തവ ശുചിത്വ സന്ദേശവുമായി ആരോഗ്യ വകുപ്പും ദേശീയ ആരോഗ്യ ദൗത്യവും സംയുക്തമായി 'മഴവില്ല്'. ആർത്തവ ശുചിത്വ ക്യാമ്പയിൻ ആരംഭിച്ചു. ക്യാമ്പയിന്റെ ഭാഗമായി കോഴിക്കോട് കോർപ്പറേഷൻ പരിധിയിലെ 29 സർക്കാർ എയ്ഡഡ് സ്കൂളുകളിൽ പരിശീലനം ലഭിച്ച ആരോഗ്യ പ്രവർത്തകർ അടങ്ങുന്ന സംഘം വാഹന പ്രചരണം നടത്തി. പാഡുകളുടെ ഉപയോഗം, മെൻസ്ട്രുവൽ കപ്പുകളുടെ ഉപയോഗം, യഥാസമയം ഇവ മാറ്റുന്നതിന്റെ ആവശ്യകത, ഇവയുടെ നിർമ്മാർജ്ജനം എന്നീ സന്ദേശങ്ങളാണ് സംഘം പെൺകുട്ടികൾക്കായി നൽകുന്നത്.

സർവ്വീസ് ജെ.പി.എച്ച്.എൻമാർ, അർബൻ ജെ.പി.എച്ച്.എൻമാർ, ആർ.ബി.എസ്.കെ നഴ്സുമാർ, കൗമാരാരോഗ്യ കൗൺസിലർ എന്നിവരാണ് ആരോഗ്യപ്രവർത്തകരുടെ സംഘത്തെ നയിക്കുന്നത്. പ്രചരണത്തിന്റെ മുന്നോടിയായി താലൂക്ക് ആശുപത്രി താമരശ്ശേരിയിലെ ഗൈനക്കോളജിസ്റ്റ് ഡോ. ഷീബ.ടി.ജോസഫിന്റെ നേതൃത്വത്തിൽ സംഘത്തിന് പരിശീലനം നൽകി.

'മഴവില്ല്' വാഹന പ്രചരണത്തിന്റെ ഫ്ളാഗ് ഓഫ് കർമ്മം ജില്ലാ ലീഗൽ സർവീസ് അതോറിറ്റി സെക്രട്ടറിയും സബ്ബ് ജഡ്ജുമായ അഡ്വ.ഷൈജൽ എം പി നിർവ്വഹിച്ചു.

പരിപാടിയുടെ ഭാഗമായി ജില്ലയിലെ മുഴുവൻ സർക്കാർ, എയിഡഡ് സ്കൂളുകളിലും ആർത്തവ ശുചിത്വവുമായി ബന്ധപ്പെട്ട ബോർഡ് പ്രദർശിപ്പിക്കുകയും ചെയ്തു.




**പത്രാധിപ സമിതി**

ചീഫ് എഡിറ്റർ
**കേശവേന്ദ്രകുമാർ ഐ എ എസ്**
സ്റ്റേറ്റ് മിഷൻ ഡയറക്ടർ, എൻ എച്ച് എം

എഡിറ്റർ
**കെ പി ശിനോഷ്**
സീനിയർ കൺസൽട്ടന്റ്, ബി സി സി

മാനേജിങ്ങ് എഡിറ്റർ
**വി കെ വർഷ**
ജെ സി(ഡിഗസി), സ്റ്റേറ്റ് മിഷൻ ഓഫീസ്

അസോ. എഡിറ്റേഴ്സ്
**ടി സ്മൃതി ലക്ഷ്മി**
ജെ സി(ഡിഗസി), സ്റ്റേറ്റ് മിഷൻ ഓഫീസ്
**കെ കെ ഷൈജിൽ**
ജെ സി(ഡിഗസി), സ്റ്റേറ്റ് മിഷൻ ഓഫീസ്

അംഗങ്ങൾ
**വർഷ ജയപ്രകാശ്**
ജെ സി (ഡിഗസി), തിരുവനന്തപുരം
**അജിത്കുമാർ പി എ**
ജെ സി (ഡിഗസി), പത്തനംതിട്ട
**ഡാനി പ്രിയൻ**
കൺസൽട്ടന്റ്(ഡിഗസി), തൃശൂർ
**ജിജിൽ മാത്യു**
കൺസൽട്ടന്റ്(ഡിഗസി), ഇടുക്കി
**പ്രീത എം**
ജെ സി(ഡിഗസി), പാലക്കാട്
**ദിവ്യ ഇ ആർ**
ജെ സി(ഡിഗസി), മലപ്പുറം
**ദിവ്യ**
കൺസൽട്ടന്റ്(ഡിഗസി), കോഴിക്കോട്
**നിജിൽ**
ജെ സി (ഡിഗസി), വയനാട്
**ബിൻസി രവീന്ദ്രൻ**
ജെ സി (ഡിഗസി),കണ്ണൂർ
**കമൽ കെ ജോസ്**
ജെ സി (ഡിഗസി), കാസർഗോഡ്
**ഷീബ ആർ ദാസ്**
ക്ലർക്ക്, ഡി ഇ ഒ സ്റ്റേറ്റ് മിഷൻ ഓഫീസ്